**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3393** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു ശേഖരത്തിന്റെ പേരിലുള്ള തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. പി. ടി. തോമസ്** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുരാവസ്തു ശേഖരത്തിന്റെ പേരിൽ തട്ടിപ്പുകൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ 1972ലെ ദി ആൻറ്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്, അതിന്റെ 1973 ലെ ചട്ടങ്ങൾ (The Antiquities & Art treasures Act 1972 & Rules 1973) എന്നിവയാണ്. പ്രസ്തുത ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്നു തോന്നുന്ന വസ്തുക്കൾ അവ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായാണ് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തുവകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിങ്ങ് ഓഫീസറാണ്. അമൂല്യങ്ങളായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് മേൽ നിയമത്തിന്റെ റൂൾ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിന്മേൽ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തി യിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്.<br>മേൽപ്പറഞ്ഞ ആക്ട് പ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ അധികാരമില്ല. |

| | | | |
|---|---|---|---|
| (സി) | പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് മോൻസൺ മാവുങ്കലിന്റെ പുരാവസ്തു ശേഖരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (സി) | പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് ശ്രീ.മോൺസൻ മാവുങ്കൽ എന്ന വ്യക്തിയുടെ കൈവശമുള്ള പുരാവസ്തുക്കളെന്നു പറയപ്പെടുന്ന വസ്തുക്കൾ പരിശോധിക്കുന്നതിന് വേണ്ടി എറണാകുളത്തെ ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ്പോലീസ് സൂപ്രണ്ടിന്റെ അറിയിപ്പ് സംസ്ഥാന പുരാവസ്തു ഡയറക്ടർക്ക് ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പിലെ കൺസർവേഷൻ ഓഫീസർ, എഡ്യൂക്കേഷൻ ഓഫീസർ എന്നിവർ ഉൾപ്പെടുന്ന സംഘം 30.09.2021 ൽ കേന്ദ്രപുരാവസ്തു വകുപ്പിലെയും പോലീസ് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരോടൊപ്പം സ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സ്വകാര്യ വ്യക്തികളുടെ പുരാവസ്തു ശേഖരം പരിശോധിക്കാൻ വകുപ്പിനുള്ള അധികാരങ്ങൾ വിശദമാക്കാമോ? | (ഡി) | പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ, സൂക്ഷിപ്പ്, കൈമാറ്റം എന്നിവ സംബന്ധിയായിട്ടുള്ള പ്രവൃത്തികൾ ദി ആന്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട് 1972, അതിന്റെ 1973 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ആയതിലേക്ക് ചുമതലപ്പെടുത്തിയ കേന്ദ്ര പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരാണ് നിർവഹിക്കുന്നത്. പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ അധികാരമില്ല. |

സെക്ഷൻ ഓഫീസർ